**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5494** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പ്ലാൻ, നോൺ പ്ലാൻ, കിഫ്ബി ഫണ്ടുകൾ വിനിയോഗിച്ച് കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പ്ലാൻ, നോൺ പ്ലാൻ, കിഫ്ബി ഫണ്ടുകൾ വിനിയോഗിച്ച് കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

<u>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പ്ലാൻ, നോൺ പ്ലാൻ, കിഫ്ബി ഫണ്ടുകൾ വിനിയോഗിച്ച് കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും</u>

<u>**പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പദ്ധതികൾ**</u>

1. **മീഞ്ച ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

15.12.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 357/2023/കാ.യു.വ പ്രകാരം കാസർഗോഡ് ജില്ലയിലെ മീഞ്ച ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 08.02.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 90.35 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. 14.02.2024-ൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. റോണി ഡിസൂസ, കാസർഗോഡ് എന്ന കരാറുകാരനുമായി 18.06.2024-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, റീട്ടൈനിംഗ് വാൾ, ഫെൻസിംഗ്, കോമ്പൗണ്ട് വാൾ & ഗേറ്റ്, സ്റ്റെപ്പ് ഗ്യാലറി & സ്റ്റേജ്, ടോയ്ലറ്റ് ബ്ലോക്ക്, ബോർ വെൽ, നെയിം ബോർഡ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. വോർക്കാടി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

14.12.2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 353/2023/കാ.യു.വ പ്രകാരം കാസർഗോഡ് ജില്ലയിലെ വോർക്കാഡി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 15.02.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 90.39 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. 17.02.2024-ൽ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ അലി. സി.എച്ച്, കാസർഗോഡ് എന്ന കരാറുകാരനുമായി 15.05.2024-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, ഫെൻസിംഗ്, സ്പോർട്സ് ഉപകരണങ്ങൾ, സ്റ്റെപ്പ് ഗ്യാലറി, ടോയ്ലറ്റ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ & ഗേറ്റ് അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**</u>

1. **കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ് ഗ്രൗണ്ട്**

സർക്കാരിന്റെ 18.10.2023-ലെ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ

പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമനമ്പർ 110 ആയി ഉൾപ്പെട്ടിട്ടുള്ള തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ് ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി ബഹു. തൃക്കരിപ്പൂർ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടിക്രമം നം. എൽ.എസ്.ജി.ഡി/ജെ.ഡി/കെ.എസ്.ഡി/ 4196/23/ഡി2/14292 പ്രകാരം എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 16.03.2024-ൽ കായിക വകുപ്പ് ഡയറക്ടർ എ 3-921/24/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിരുന്നു. 02.05.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 24.06.2024-ൽ 06.07.2024 അവസാന തീയ്യതിയായി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

2. **ജി.എച്ച്.എസ് ഗ്രൗണ്ട് കുറ്റിക്കോൽ**

സർക്കാരിന്റെ 18.10.2023 തീയതിയിലെ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമനമ്പർ 112 ആയി ഉൾപ്പെട്ടിട്ടുള്ള ഉദുമ മണ്ഡലത്തിലെ ജി.എച്ച്.എസ്. കുറ്റിക്കോൽ ഗ്രൗണ്ട് നിർമ്മാണത്തിനായി ബഹു. ഉദുമ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടിക്രമം നം. എൽ.എസ്.ജി.ഡി/ജെ.ഡി/കെ.എസ്.ഡി/843/2024-ഡി4 14563 പ്രകാരം എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 16.03.2024-ൽ കായിക വകുപ്പ് ഡയറക്ടർ എ 3-304/24/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയിരുന്നു. 06.05.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 92.21 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 11.06.2024-ൽ ടെണ്ടർ ക്ഷണിക്കുകയും 24.06.2024-ൽ ടെണ്ടർ ഓപ്പൺ ചെയ്തു. 5 ഓഫറുകൾ ലഭിച്ചത് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**കിഫ്ബി പദ്ധതികൾ**

1. **ഇ.എം.എസ് സ്റ്റേഡിയം നീലേശ്വരം**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 15.05.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 95/2017/കാ.യു.വ പ്രകാരം 20.76 കോടി രൂപയുടെ ഭരണാനുമതിയും 17.04 കോടി രൂപക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ടി പ്രവൃത്തിയുടെ എസ്.പി.വി M/s കിറ്റ്കോയായിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും 6 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, നാച്ചുറൽ ഫുട്ബോൾ ടർഫ്, നീന്തൽക്കുളം, ബാസ്ക്കറ്റ് ബോൾ കോർട്ട്, പവലിയൻ ബിൽഡിംഗ് എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 01.01.2022-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2. **എം.ആർ.സി കൃഷ്ണൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം, തൃക്കരിപ്പൂർ കാസർഗോഡ്**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ജില്ലാ സ്റ്റേഡിയമായ എം.ആർ.സി കൃഷ്ണൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 16.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 12.11.2018-ൽ കിഫ്ബിയിൽ നിന്നും 29.32 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു. ടി പദ്ധതിയുടെ എസ്.പി.വി ആയ M/s കിറ്റ്കോ പദ്ധതി ടെണ്ടർ ചെയ്യുകയും M/s മാപ്പ് ഗ്ലോബൽ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, നീന്തൽക്കുളം, പവലിയൻ ബിൽഡിംഗ്, ഫുട്ബോൾ കോർട്ട് എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 67% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**2024-25 ബഡ്ജറ്റ് ഉൾപ്പെട്ട പ്രവൃത്തികൾ**

1. **എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം**

2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം II ൽ ക്രമ നം. 913 ആയി മഞ്ചേശ്വരം മണ്ഡലത്തിലെ എൻമകജെ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസന പ്രവൃത്തിക്കായി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിന് മുന്നോടിയായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ എം.എൽ.എ ഓഫീസുമായി ബന്ധപ്പെട്ടിരുന്നു. എം.എൽ.എ ഓഫീസിൽ നിന്നും മഞ്ചേശ്വരം പഞ്ചായത്ത് പ്രതിനിധികളുമായി സ്ഥലം സന്ദർശിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. സംയുക്ത സ്ഥല പരിശോധന നടത്തി പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഉടൻ തന്നെ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതാണ്.

Rajeev Pillai

**സെക്ഷൻ ഓഫീസർ**